**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5064** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിടം കാലപഴക്കം മൂലം തകർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടത്തിന് അറ്റകുറ്റപ്പണി/നവീകരണം ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയ 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പുരാവസ്തുവകുപ്പിന്റെ സംരക്ഷണയിലാണെന്ന് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണെന്ന് വിജ്ഞാപനം ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടം സംരക്ഷിക്കപ്പെടേണ്ട കെട്ടിടമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കാലപഴക്കം ചെന്ന താലൂക്ക് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ചാവക്കാട് താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപണി/നവീകരണ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (ഡി) | ചാവക്കാട് താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | (സി) യുടെ മറുപടി |

സെക്ഷൻ ഓഫീസർ